## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 188     27.02.2017-ൽ മറുപടിയ്ക്ക്

### എൻക്വയറി കമ്മീഷൻ ആക്ട് പ്രകാരമുള്ള അന്വേഷണ കമ്മീഷനുകൾ

| | ചോദ്യം<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ ഭരണകാലത്ത് എൻക്വയറി കമ്മീഷൻ ആക്ട് പ്രകാരമുള്ള എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിരുന്നു; ഏതൊക്കെ കാര്യങ്ങളിൽ അന്വേഷണം നടത്താനാണ് നിയമിച്ചിരുന്നത്; | (എ) | മുൻ സർക്കാരിന്റെ ഭരണകാലത്ത് ആഭ്യന്തര വകുപ്പിൽ നിന്നും മൂന്ന് അന്വേഷണ കമ്മീഷനുകളെ നിയമിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കമ്മീഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു. മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.<br>1) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷൻ.<br>2) മരങ്ങാട്ടുപ്പള്ളി സിബിയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ഡി. ശ്രീവല്ലഭൻ അന്വേഷണ കമ്മീഷൻ.<br>3) പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ അന്വേഷണ കമ്മീഷൻ. |
| (ബി) | ഈ കമ്മീഷനുകളിൽ എത്രയെണ്ണം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ റിപ്പോർട്ട് സമർപ്പിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | ആഭ്യന്തര വകുപ്പ് നിയമിച്ച മേൽപ്പടി അന്വേഷണ കമ്മീഷനുകൾ ഒന്നും തന്നെ റിപ്പോർട്ടുകൾ ഇതുവരെ സമർപ്പിച്ചിട്ടില്ല. |
| (സി) | ഏതൊക്കെ കമ്മീഷനുകൾ അന്വേഷണം പൂർത്തിയാക്കാതെ രാജി നൽകിയിട്ടുണ്ട്; അതിനുള്ള കാരണം വിശദ മാക്കുമോ; | (സി) | പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ അന്വേഷണ കമ്മീഷൻ വ്യക്തിപരമായ കാരണങ്ങളാൽ രാജി നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത കാര്യങ്ങളെ ക്കുറിച്ച് അന്വേഷിക്കുന്നതിനായി ശ്രീ. പി.എസ്. ഗോപിനാഥന്റെ കീഴിൽ ഒരു പുതിയ അന്വേഷണ കമ്മീഷനെ സർക്കാർ നിയമിച്ചു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ വിഷയമെന്താണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട്. ആഭ്യന്തര (രഹസ്യ) വകുപ്പ് രണ്ട് അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്.<br>1) പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നിയമിതനായ ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ രാജി |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചതിനെ തുടർന്ന് ജസ്റ്റിസ് പി.എസ്. ഗോപിനാഥന്റെ കീഴിൽ ഒരു പുതിയ അന്വേഷണ കമ്മീഷനെ നിയമിച്ചു.<br>2) 20 ജൂലായ് 2016-ന് കേരള ഹൈക്കോടതിയുടെ മുന്നിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ പോലീസ് ലാത്തി ചാർജിനെക്കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് പി.എ. മുഹമ്മദ് അന്വേഷണ കമ്മീഷനെ നിയമിച്ചു. |



സെക്ഷൻ ഓഫീസർ